LIBRARY ARCHIVES Kerala Legislative Assembly

അമ്പലപ്പാറ-വേങ്ങശ്ശേരി വാട്ടർ സപ്ലൈ സ്കീം

72 [1758] ശ്രീ. വി. സി. കബീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം മണ്ഡലത്തിലെ അമ്പലപ്പാറ പഞ്ചായത്തിൽ വേങ്ങശ്ശേരി കുരുത്തിക്കഴായ തോട്ടിൽ നിന്നും വെള്ളം സംഭരിച്ച് ശുദ്ധജല വിതരണം നടത്താൻ വേണ്ടി ഒരു പദ്ധതി രൂപകൽപ്പന ചെയ്തിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിക്ക് പാലക്കാട് ജില്ലാ പഞ്ചായത്ത് ഫണ്ടിൽ നിന്നും തുക അനുവദിച്ചിട്ടുണ്ടോ;

(സി) ഈ പദ്ധതിക്കുവേണ്ടി ടെണ്ടർ കഴിഞ്ഞിട്ടുണ്ടോ എന്ന് വെളിപ്പെടുത്താമോ;

(ഡി) ഈ പദ്ധതിയുടെ പ്രവർത്തനം എന്നാരംഭിക്കുമെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) ഉണ്ട്.

(ഡി) ദർഘാസ് ഉറപ്പിക്കുന്ന മുറക്ക് പദ്ധതിയുടെ പണി തുടങ്ങാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

ലക്കിടി-പേരൂർ വാട്ടർ സപ്ലൈ സ്കീം

73 [1759] ശ്രീ. വി. സി. കബീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം മണ്ഡലത്തിലെ ലക്കിടി-പേരൂർ പഞ്ചായത്തിൽ വാട്ടർ സപ്ലൈ സ്കീം രൂപകൽപന ചെയ്തിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്റെ അടങ്കൽ തുക വെളിപ്പെടുത്താമോ;

(സി) ഈ പദ്ധതി ഏത് സ്കീമിൽ ആണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വെളിപ്പെടുത്താമോ;

(ഡി) ഇതിന്റെ നിർമ്മാണ പ്രവർത്തനം ഏത് ഘട്ടത്തിലെത്തിയെന്ന് വെളിപ്പെടുത്താമോ?